(സി) ഉണ്ട്.

(ഡി) പദ്ധതി പ്രദേശത്ത് വാണിജ്യാടിസ്ഥാനത്തിൽ വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുവാൻ തയ്യാറായിട്ടുള്ള കർഷകരേയും കർഷകരുടെ സ്വയംസഹായ സംഘങ്ങളെയും തിരഞ്ഞെടുത്തശേഷം അവർക്ക് കയറ്റുമതിക്കുവേണ്ടി ആധുനിക രീതിയിൽ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യയിൽ മൂന്നുദിവസത്തെ പരിശീലനം നൽകുകയുണ്ടായി. കൂടാതെ കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കർഷകരെ കയറ്റുമതിക്ക് സജ്ജരാക്കുക എന്ന ഉദ്ദേശത്തോടുകൂടി താഴെപ്പറയുന്ന ഘടകങ്ങളും വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്:

1.	കയറ്റുമതിക്കായുള്ള വിസ്തൃതി വ്യാപനം	—	4000	ഹെക്ടർ
2.	വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾ	—	50	എണ്ണം
3.	ജില്ലാതല നേഴ്സറികൾ	—	9	,,
4.	സംയോജിത കീടനിയന്ത്രണം	—	4000	ഹെക്ടർ
5.	ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കൽ	—	4000	ഹെക്ടർ
6.	മണ്ണ്-ജല പരിശോധന ശാല	—	1	എണ്ണം
7.	ബൾക്കിംഗ് സെന്ററുകൾ	—	10	,,
8.	പായ്ക്ക് ഹൗസുകൾ	—	4	,,
9.	റീഫർ ട്രക്കുകൾ	—	8	,,
10.	വേഫർ നിർമ്മാണ യൂണിറ്റ്	—	1	,,
11.	ട്രയൽ കൺസയിൻമെന്റ്	—	4	,,
12.	ഗവേഷണ വികസന പ്രവർത്തനങ്ങൾ			

അഗ്രി എക്സ്പോർട്ട് സോണുകളിലുള്ള കർഷകർക്ക് സാമ്പത്തിക സഹായം

103 [2072] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:

,, എ. കെ. മണി:

,, എ. ഡി. മുസ്തഫ:

.. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയുള്ള അഗ്രി എക്സ്പോർട്ടു സോണുകളിൽ കൃഷി ചെയ്യുന്ന കർഷകർക്കു ആവശ്യമായ സാമ്പത്തിക സഹായം ലഭിക്കുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്നു വെളിപ്പെടുത്തുമോ; സർക്കാരിൽനിന്നും ഇവർക്ക് വായ്പ നൽകുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാനത്തെ തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള 9 ജില്ലകളിലായി വാഴ, കൈതച്ചക്ക, തനതു പച്ചക്കറികൾ എന്നിവയ്ക്കായി നടപ്പിലാക്കി വരുന്ന കാർഷിക കയറ്റുമതി മേഖല പദ്ധതിയിൽ സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികളിൽനിന്നും വിവിധ കേന്ദ്രസർക്കാർ ഏജൻസികളിൽനിന്നും കർഷകന് സാമ്പത്തിക സഹായം ലഭ്യമാക്കുവാൻ വിഭാവനം ചെയ്യുന്നു. കൂടാതെ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും സാമ്പത്തിക സഹായം നൽകുവാനും പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നു.

കാർഷിക കയറ്റുമതി മേഖലാ പദ്ധതിപ്രകാരം കൃഷിചെയ്യുന്ന കർഷകർക്ക് സർക്കാരിൽനിന്നും വായ്പ നൽകുന്നില്ല. എന്നാൽ ഇവർക്ക് വായ്പ ലഭ്യമാക്കുവാനായി കൃഷി വകുപ്പിൽനിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, കാനറാ ബാങ്ക് എന്നിവരുമായി ധാരണാപത്രം ഒപ്പുവച്ചുകഴിഞ്ഞു. ഇതിനുപുറമേ കാർഷിക കയറ്റുമതി മേഖലാ പദ്ധതിയിൽ കൃഷിചെയ്യുന്ന കർഷകർക്കെല്ലാം കിസാൻ ക്രെഡിറ്റ് കാർഡ് വിതരണം ചെയ്യുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

അഗ്രി എക്സ്പോർട്ട് സോണിലെ കർഷകർക്ക് പരിശീലനം

104 [2073] ശ്രീ. എം. പി. ഗംഗാധരൻ:

,, വി. ഡി. സതീശൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

.. എം. എ. ചന്ദ്രശേഖരൻ:

.. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രി എക്സ്പോർട്ടു സോണുകളിൽ കയറ്റുമതി ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി കൃഷിചെയ്യുന്ന കർഷകർക്ക് കാർഷിക കാര്യങ്ങളിൽ എന്തെങ്കിലും പരിശീലനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം പരിശീലനങ്ങൾ എത്ര കർഷകർക്ക് നൽകിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതിയിൽ പങ്കാളികളാകുവാനായി തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് ആധുനിക രീതിയിലുള്ള വിള പരിപാലനം, സസ്യസംരക്ഷണം, വിളവെടുപ്പു കഴിഞ്ഞുള്ള പരിപാലനം, വിപണനം തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് 2003-2004 വർഷത്തിൽ 100 ത്രിദിന പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും അതിലൂടെ മൂവായിരത്തിലധികം കർഷകരെ പരിശീലിപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly